# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ലെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   President Draupadi Murmu says that violence against women and children is not suitable for a civilized society.

2. രാജ്യത്ത് 12 ഗ്രീൻ ഫീൽഡ് വ്യാവസായിക സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കാൻ കേന്ദ്രമന്ത്രിസഭയുടെ അനുമതി. പദ്ധതിയിൽ പാലക്കാടും.

   Union Cabinet Approves 12 New Greenfield Industrial Smart Cities in the country including Palakkad.

3. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റി പദ്ധതി വികസിത ഭാരതത്തിന് ഊർജ്ജമാകുമെന്ന് കേന്ദ്രമന്ത്രി പിയുഷ് ഗോയൽ. പദ്ധതിയെ സ്വാഗതം ചെയ്ത് കേരളം.

   Union Minister Piyush Goyal said that the new industrial smart city project will be an energy for developling India. Kerala welcomed the project.

4. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കായി സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ സംബന്ധിച്ച് ദേശീയ ദൗത്യ സേന, സംസ്ഥാനങ്ങളുമായി ചർച്ച നടത്തി.

   The National Task Force holds meeting to discuss measures for security of medical professionals

5. **കേരളത്തിലെ വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ സർവകക്ഷിയോഗം നാളെ.**

**All party meeting tomorrow to discuss rehabilitation of Kerala's Wayanad landslide victims.**

6. **പാരീസ് പാരാലിമ്പിക്സിന് ഇന്ന് തുടക്കം. ഇന്ത്യയെ പ്രതിനിധീകരിച്ച് 84 കായിക താരങ്ങൾ.**

**Paris Paralympics begin today. 84 sportspersons representing India.**

**&&&&&&&&&&&&&&&&&&**

## PRESIDENT – WOMEN'S SAFETY

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ലെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കൊൽക്കത്തയിൽ യുവ വനിത ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിന്റെ പശ്ചാതലത്തിൽ സമൂഹ മാധ്യമമായ എക്സിൽ പങ്കുവെച്ച കുറിപ്പിലാണ് ശ്രീമതി മുർമു ആശങ്ക പങ്കുവെച്ചത്. ചിലപ്പോഴെല്ലാം അതിക്രമങ്ങൾക്ക് ഇരയാകുന്നത് ചെറിയ കുട്ടികളാണ്. കൊൽക്കത്ത സംഭവം രാജ്യത്തെ മുഴുവൻ ഞെട്ടിച്ചിരിക്കുകയാണെന്നും രാഷ്ട്രപതി പറഞ്ഞു.

**&&&&&&&&&&&&&&&&&&**

## CABINET DECISIONS – INTRO

രാജ്യത്ത് 12 ഗ്രീൻ ഫീൽഡ് വ്യാവസായിക സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കാൻ കേന്ദ്രമന്ത്രിസഭ അനുമതി നൽകി. പദ്ധതിയിൽ പാലക്കാട് ജില്ലയും ഉൾപ്പെടും.

*വിശദാംശങ്ങളിലേക്ക്....*
*(വോയിസ്)*

&&&&&&&&&&&&&&&&&&

**CABINET DECISIONS-VOICE**

ദേശീയ വ്യാവസായിക ഇടനാഴി വികസന പദ്ധതിക്ക് കീഴിലാണ് വ്യാവസായിക സ്മാർട്ട് സിറ്റികൾ ആരംഭിക്കുന്നത്. ഇതിലൂടെ 28,602 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പദ്ധതിയിലൂടെ പത്തു ലക്ഷം പേർക്ക് നേരിട്ടും 30 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. 10 സംസ്ഥാനങ്ങളിലായി പ്രധാനപ്പെട്ട 6 ഇടനാഴികളിലൂടെയാണ് വ്യാവസായിക സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുന്നത്. കേരളത്തിലെ പാലക്കാടാണ് വ്യാവസായിക സ്മാർട്ട് സിറ്റി ആരംഭിക്കുന്നത്. റെയിൽവെയുടെ 6,456 കോടി രൂപയുടെ പദ്ധതികൾക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

ന്യൂസ് ഡെസ്ക്, ആകാശവാണി.

&&&&&&&&&&&&&&&&&&

**PIYUSH GOYAL**

കേന്ദ്ര അംഗീകാരം ലഭിച്ച പുതിയ ഗ്രീൻഫീൽഡ് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റി പദ്ധതി വികസിത ഭാരതമെന്ന ലക്ഷ്യത്തിന് ഊർജ്ജം പകരുമെന്ന് കേന്ദ്രമന്ത്രി പിയുഷ് ഗോയൽ. സന്തുലിതമായ പ്രാദേശിക വികസനം സാധ്യമാക്കുന്നതിനൊപ്പം നിക്ഷേപങ്ങളിൽ വൻ കുതിപ്പിനും വഴിയൊരുക്കുമെന്ന് അദ്ദേഹം പറഞ്ഞു. പാലക്കാട് വ്യവസായ സ്മാർട്ട്സിറ്റിക്ക് ലഭിച്ച കേന്ദ്ര അംഗീകാരം സ്വാഗതാർഹമെന്ന് കേരള വ്യവസായ മന്ത്രി P. രാജീവ്. സംസ്ഥാനത്തിൻറെ വ്യവസായ വളർച്ചയ്ക്ക് ഏറേ സഹായകരമാണ് ഈ പ്രഖ്യാപനമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

**CABINET FM CHANNELS**

രാജ്യത്ത് 730 സ്വകാര്യ എഫ്എം റേഡിയോ ചാനലുകൾ ആരംഭിക്കാനുള്ള ലേലനടപടികൾക്ക് കേന്ദ്രമന്ത്രിസഭ അനുമതി നൽകി. 234 നഗരങ്ങളിലെ എഫ്എം ചാനലുകൾക്കുള്ള ഇ- ലേലമാണ് നടക്കുന്നത്. പാലക്കാടും കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാടും മൂന്നു വീതം ചാനലുകൾ ഇതിലുൾപ്പെടും. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മാതൃഭാഷയിലെ ഉള്ളടക്കം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. കാർഷിക അടിസ്ഥാന വികസന ഫണ്ടിൻ്റെ വിപുലീകരണത്തിനും കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&

## NTF-MEET

രാജ്യത്തെ മെഡിക്കൽ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷ സംബന്ധിച്ച നടപടികൾ ചർച്ച ചെയ്യാൻ രൂപീകരിച്ച ദേശീയ ദൗത്യ സേന, ചീഫ് സെക്രട്ടറിമാരുമായും ഡിജിപിമാരുമായും ഇന്ന് ചർച്ച നടത്തി. കേന്ദ്ര ആഭ്യന്തര സെക്രട്ടറി, ആരോഗ്യ സെക്രട്ടറി എന്നിവരുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായാണ് യോഗം ചേർന്നത്. റോഡുകളിലെ ബ്ലൈൻഡ് സ്പോട്ടുകളിൽ സി സി ടി വി ക്യാമറകൾ സ്ഥാപിക്കുക, 112 ഹെൽപ്പ് ലൈനിൽ ആരോഗ്യപ്രവർത്തകരേയും ഉൾപ്പെടുത്തുക, തുടങ്ങിയവ ഉറപ്പാക്കണമെന്ന് ആഭ്യന്തര സെക്രട്ടറി നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## JAISHANKAR-CHILE

യു എൻ സുരക്ഷ കൗൺസിലിൽ ഇന്ത്യയുടെ സ്ഥിരാംഗത്വത്തിനുള്ള ചിലിയുടെ പിന്തുണയ്ക്ക് വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ നന്ദി അറിയിച്ചു. ന്യൂഡൽഹിയിൽ ഇന്ത്യ - ചിലി സംയുക്ത കമ്മീഷൻ യോഗത്തിൽ ചിലി വിദേശകാര്യമന്ത്രിക്കൊപ്പം അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഗ്ലോബൽ സൗത്ത് ഉച്ചകോടിയിലെ ചിലിയുടെ പങ്കാളിത്തത്തെ ഇന്ത്യ വിലമതിക്കുന്നതായി ശ്രീ ജയ്ശങ്കർ പറഞ്ഞു. മുംബൈയിൽ

നടക്കുന്ന ഇന്ത്യ- ചിലി കാർഷിക - വ്യാപാര ഉച്ചകോടിയിലും ചിലി വിദേശകാര്യമന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## ALL PARTY MEETING

കേരളത്തിലെ വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ നാളെ സർവകക്ഷിയോഗം ചേരും. മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ഓൺലൈനായി വൈകുന്നേരമാണ് യോഗം. സർവ്വകക്ഷിയോഗത്തിന് ശേഷം പുനഃരധിവാസ- പുനർനിർമ്മാണ പാക്കേജിന് അന്തിമരൂപമാകും.

&&&&&&&&&&&&&&&&&&

## PARALYMPICS

പാരീസ് പാരാലിമ്പിക്സിന് ഇന്ന് തുടക്കം. ഇന്ത്യൻ സമയം രാത്രി 11.30 നാണ് ഉദ്ഘാടന ചടങ്ങുകൾ. ഇന്ത്യയെ പ്രതിനിധീകരിച്ച് 84 കായിക താരങ്ങളാണ് ഇത്തവണ പാരാലിമ്പിക്സിൽ മാറ്റുരയ്ക്കുന്നത്. 38 ഇന്ത്യൻ അത്ലറ്റുകൾ പങ്കെടുക്കുന്ന പാരാ അത്ലറ്റിക്സ് മത്സരങ്ങൾക്ക് ഓഗസ്റ്റ് 30 ന് തുടക്കമാകും.

&&&&&&&&&&&&&&&&&&

## INDIAN-TEAM-MEDALS

ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന 17-ാമത് അന്താരാഷ്ട്ര ഒളിംപ്യാഡിൽ ഇന്ത്യൻ ടീമിന് മികച്ച നേട്ടം. അഞ്ച് വിദ്യാർത്ഥികളടങ്ങുന്ന ടീം ഒരു സ്വർണ്ണവും നാല് വെള്ളി മെഡലുകളും നേടി. ജ്യോതിശാസ്ത്രം, ആസ്ട്രോഫിസിക്സ് എന്നീ വിഷയങ്ങളിലാണ് ഒളിംപ്യാഡ് നടന്നത്. ബംഗളൂരു സ്വദേശി ദക്ഷ് തയാനിയയാണ് സ്വർണ്ണമെഡൽ നേടിയത്. മെഡൽപട്ടികയിൽ ഇന്ത്യ എട്ടാം സ്ഥാനത്തായിരുന്നു. 2025-ലെ ഒളിംപ്യാഡ് മുംബൈയിൽ നടക്കും.

&&&&&&&&&&&&&&&&&&

## GUJARAT FLOOD

ഗുജറാത്തിലെ പ്രളയ സ്ഥിതിഗതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വിലയിരുത്തി. മുഖ്യമന്ത്രി ഭൂപേന്ദ്ര യാദവുമായി അദ്ദേഹം ടെലിഫോൺ സംഭാഷണം നടത്തി. പ്രളയക്കെടുതികൾ നേരിടാൻ സാധ്യമായ എല്ലാ സഹായവും ലഭ്യമാക്കുമെന്ന് പ്രധാനമന്ത്രി ഉറപ്പ് നൽകി. വരും ദിവസങ്ങളിലും ഗുജറാത്തിൽ ശക്തമായ മഴ ലഭിക്കുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

## BIHAR FLOOD

ബിഹാറിൽ പ്രളയക്കെടുതികളിൽ വ്യാപക നാശം. ഭഗൽപൂർ, പടിഞ്ഞാറൻ ചമ്പാരൻ, കിഷൻഗഞ്ച്, പട്ന തുടങ്ങിയ ജില്ലകളിലാണ് ഏറ്റവും കൂടുതൽ

കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചത്. ആയിരക്കണക്കിന് ജനങ്ങളെയാണ് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി പാർപ്പിച്ചത്. ബിഹാറിൻറെ വടക്കു - പടിഞ്ഞാറൻ, കിഴക്കൻ പ്രദേശങ്ങളിൽ അടുത്ത രണ്ട് ദിവസം അതിശക്തമായ മഴ ലഭിക്കുമെന്നാണ് കാലാവസ്ഥ മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

## AYYANKALI

മലയാള നവോത്ഥാനത്തിന് വിപ്ലവവീര്യം പകർന്ന സാമൂഹ്യ പരിഷ്കർത്താവ്, മഹാത്മ അയ്യങ്കാളിയുടെ 161ാമത് ജയന്തി ദിനം കേരളത്തിൽ വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. അയ്യങ്കാളിയുടെ ജീവിത സന്ദേശം ഉൾക്കൊണ്ട് സമൂഹത്തെ മുന്നോട്ട് നയിക്കാൻ പുതുതലമുറ സജ്ജമാകണമെന്ന് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് മന്ത്രി ഒ.ആർ.കേളു പറഞ്ഞു. അടിച്ചമർത്തപ്പെട്ടവർക്ക് പ്രത്യാശയുടെ വെളിച്ചമായിരുന്നു അയ്യങ്കാളിയെന്ന് ചടങ്ങിൽ അധ്യക്ഷനായ മന്ത്രി ശിവൻകുട്ടി അഭിപ്രായപ്പെട്ടു. വിദ്യഭ്യാസത്തിലൂടെ സാമൂഹ്യപുരോഗതി എന്ന ദീർഘവീക്ഷണത്തോടെ കേരളീയ സമൂഹത്തെ നയിക്കാൻ അയ്യങ്കാളിക്കു കഴിഞ്ഞതായി ചടങ്ങിൽ പങ്കെടുത്ത മന്ത്രി ജി.ആർ.അനിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## GADKARI- ROAD SAFETY

രാജ്യത്തെ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള സുപ്രധാന നടപടികളുമായി കേന്ദ്രം മുന്നോട്ടു പോവുകയാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. റോഡുകളിൽ പ്രത്യേകിച്ച് ഹൈവേയിലുള്ള അപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തുന്നതിന് ഓഡിറ്റ് നടത്തും. അപകട സ്ഥലങ്ങളിൽ നിന്ന് പരിക്കേറ്റവരെ രക്ഷിക്കുന്നതിന് ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആംബുലൻസ് ഉപയോഗപ്പെടുത്തും. ന്യൂഡൽഹിയിൽ നടന്ന ഫിക്കി കോൺക്ലേവിന്റെയും, റോഡ് സുരക്ഷാ പുരസ്കാരത്തിന്റെയും ആറാം പതിപ്പിനെ അഭിസംബോധന ചെയ്യുകയായിരുന്ന ഗഡ്കരി.

&&&&&&&&&&&&&&&&&&

## TRAI REVIEW PAPER

അനധികൃത ടെലിമാർക്കറ്റിങ് ഫലപ്രദമായി നിയന്ത്രിക്കുന്നതിന് രാജ്യത്തെ ടെലികോം റെഗുലേറ്ററി അതോറിറ്റി പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നു. പൊതുജനങ്ങൾക്ക് ശല്യമാകുന്ന സ്പാം കോളുകളുടെ പ്രശ്നം പരിഹരിക്കുന്നതുൾപ്പെടെയാണ് ട്രായ് നിർദേശങ്ങൾ സ്വീകരിക്കുന്നത്. പരാതി പരിഹാര സംവിധാനങ്ങൾ, റെഗുലേറ്ററി വ്യവസ്ഥകളുടെ ലംഘനങ്ങൾക്കുള്ള സാമ്പത്തിക തടസ്സങ്ങൾ, പുതുക്കിയ നിയന്ത്രണങ്ങൾ എന്നിവയും മെച്ചപ്പെടുത്താനുള്ള മേഖലകളിൽ ഉൾപ്പെടുന്നു. അടുത്ത മാസം 25-നകം ട്രായ്

യുടെ വെബ്സൈറ്റിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

&&&&&&&&&&&&&&&&&&

## BANGLADESH-BAN

ബംഗ്ലാദേശിൽ ജമായെത്ത് - ഇ - ഇസ്ലാമിക്കും അതിന്റെ വിദ്യാർത്ഥി സംഘടനയ്ക്കും ഏർപ്പെടുത്തിയിരുന്ന വിലക്ക് നീക്കി. മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാരിൻറേതാണ് നടപടി. ത്രീവവാദം, കലാപം തുടങ്ങിയവയിൽ ഇരു സംഘടനകൾക്കും എതിരെ വ്യക്തമായ തെളിവില്ലെന്നതിന്റെ അടിസ്ഥാനത്തിലാണ് വിലക്ക് നീക്കിയത്.

&&&&&&&&&&&&&&&&&&

## MPOX DEATHS DRC

ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിൽ എം പോക്സ് ബാധിച്ച് മരിച്ചവരുടെ എണ്ണം 610 കടന്നു. ഏകദേശം 17,801 പേർക്ക് രോഗ ബാധ സ്ഥിരീകരിച്ചു. സംഘർഷം നിലനിൽക്കുന്ന പ്രവിശ്യകളിൽ നിന്ന് ഏകദേശം 73 ലക്ഷം പേർ മറ്റ് ഇടങ്ങളിലേക്ക് മാറിയത് രോഗവ്യാപനത്തിൻറെ ആക്കം കൂട്ടി. മങ്കിപോക്സിൻറെ നിയന്ത്രണത്തിനായ് ആഗോള തന്ത്രപ്രധാന - പ്രതികരണ പദ്ധതിക്ക് കഴിഞ്ഞ ദിവസം ലോകാരോഗ്യ സംഘടന തുടക്കം കുറിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## TYPHOON SHANSHAN

ജപ്പാനിൽ ഷാൻഷാൻ ചുഴലിക്കാറ്റിനെ തുടർന്ന് ജാഗ്രത നിർദേശം പുറപ്പെടുവിച്ചു. അതിശക്തമായ മഴ, അപ്രതീക്ഷിത കൊടുങ്കാറ്റ് എന്നിവയെ തുടർന്ന് അതീവ ജാഗ്രത മുന്നറിയിപ്പാണ് നൽകിയിരിക്കുന്നതെന്ന് ജപ്പാൻ കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ഉച്ചയോടെയാണ് യാകുഷിമ ദ്വീപിന് സമീപം 90 കിലോമീറ്റർ അകലെയായി ചുഴലിക്കാറ്റ് രൂപപ്പെട്ടത്.

&&&&&&&&&&&&&&&&&&

## IAF-BOOK LAUNCH

ഇന്ത്യൻ വ്യോമസേനയിലെ സൈനികരുടെ കഥ ആസ്പദമാക്കി തയ്യാറാക്കിയ ആദ്യ comic പുസ്തകത്തിന്റെ പ്രകാശനം വ്യോമസേന മേധാവി എയർ ചീഫ് മാർഷൽ വി ആർ ചൗധരി നിർവ്വഹിച്ചു. വ്യോമസേന പുറത്തിറക്കിയ പുസ്തകത്തിൽ സേനയുടെ ചരിത്രവും സൈനികരുടെ പോരാട്ടങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യുവ തലമുറയ്ക്ക് പ്രചോദനം നൽകുകയാണ് ലക്ഷ്യം.

&&&&&&&&&&&&&&&&&&

## MEA - SAROOPS

ഗുരു ഗ്രന്ഥ് സാഹിബിന്റെ രണ്ട് പകർപ്പുകൾ ഖത്തർ അധികൃതർ ദോഹിയിലെ ഇന്ത്യൻ എംബസിക്ക് കൈമാറിയതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&